കോ ഓപ്പറേറ്റീവൈസേഷൻ പദ്ധതി അനുസരിച്ച് വയബിളും പൊട്ടൻഷ്യലി വയബിളും സംഘങ്ങൾക്ക് സഹായം നൽകി ഒരു നിശ്ചിത കാലയളവി നുള്ളിൽ പൊട്ടൻഷ്യലി വയബിൾ സംഘങ്ങളെ കൂടി വയബിളാക്കുക എന്നുള്ളതാണ് ഗവൺമെൻറിന്റെ നയം. നോൺ വയബിൾ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

വ്യവസായികൾക്ക് പുതിയ ഡവലപ്മെൻറ് പ്ലോട്ടുകൾ

1258. [1718] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായികൾക്ക് പുതിയ ഡവലപ്മെൻറ് പ്ലോട്ടുകൾ ഉണ്ടാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) കഴിഞ്ഞ വർഷം ഡവലപ്മെൻറ് പ്ലോട്ടുകൾ ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കഴിഞ്ഞ വർഷം കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ അണ്ടൂർ വില്ലേജിൽ ഒരു വ്യവസായ വികസന പ്ലോട്ടിനു വേണ്ടി സ്ഥലമെടുത്തിട്ടുണ്ട്.

മഞ്ചേരിയിലെ ഫംഗ്ഷണൽ എസ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസ്

1259. [1720] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ തുടങ്ങുമെന്ന് പറഞ്ഞിരുന്ന ഫംഗ്ഷണൽ എസ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസ് ഈ വർഷം തുടങ്ങുമോ ;

(ബി) അതിന്റെ സ്ഥലമെടുപ്പ് പൂർത്തിയായോ ?

ഉത്തരം

(എ,ബി) മഞ്ചേരിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫംഗ്ഷണൽ എസ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസിനുവേണ്ടി സ്ഥലമെടുക്കാനുള്ള നടപടികൾ എടുത്തുവരുന്നു. സ്ഥലമെടുപ്പ് കഴിഞ്ഞാൽ എത്രയും വേഗം അതിന്റെ പണി തുടങ്ങാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly